# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.263/2025　　　　തിരുവനന്തപുരം, തീയതി. 04.12.2025**

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റിവച്ചു

കേരളസർവകലാശാല 2025 ഡിസംബർ 16 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എംഎ/എംഎസ്‌സി/എംകോം/എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎഎച്ച്ആർഎം/എംടിടിഎം (ന്യൂജനറേഷൻ കോഴ്സുകൾ ഉൾപ്പെടെ) പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പ്രസ്തുത പരീക്ഷകൾ 2026 ജനുവരി 08 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2025 ഡിസംബർ 08, 12, 17, 19 തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകൾ പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2025 മെയിൽ നടത്തിയ നാലാം സെമസ്റ്റർ ബിടെക് (2020 സ്കീം – റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021 & 2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സുക്ഷ്മപരിശോധനയ്ക്കും 2025 ഡിസംബർ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ/ബിഎസ്‌സി/ബികോം/ബിബിഎ/ബിസിഎ/ബിഎംഎസ്/ബിപിഎ/ ബിഎസ്ഡബ്ല്യൂ/ബിവോക് എന്നീ സി.ബി.സി.എസ്. (സി.ആർ.) (മേഴ്സിചാൻസ് – 2013 & 2018 അഡ്മിഷൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരിയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബിഎ/ബിഎസ്‌സി/ബികോം/ബിബിഎ/ബിസിഎ/ബിപിഎ/ബിഎംഎസ്/ ബിഎസ്ഡബ്ല്യൂ/ബിവോക് (മേഴ്സിചാൻസ് – 2013, 2017, 2018 & 2020 അഡ്മിഷൻ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തുന്ന നാലാം സെമസ്റ്റർ ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 - 2019 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2025 ഡിസംബർ 18 ന് വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിലെ കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ പബ്ലിക് അഡ്മിനിസ്ട്രേഷൻ (റെഗുലർ - 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022 & 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 - 2020 അഡ്മിഷൻ) പരീക്ഷയുടെ വൈവവോസി 2025 ഡിസംബർ 16 മുതൽ 19 വരെ കാര്യവട്ടത്തെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എംപിഇഎസ് (2020 സ്കീം – റെഗുലർ - 2025 അഡ്മിഷൻ, സപ്ലിമെന്ററി – 2022, 2023, 2024 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബിപിഎഡ് (2022 സ്കീം – നാല് വർഷ ഇന്നോവേറ്റീവ് കോഴ്സ്) (റെഗുലർ - 2025 അഡ്മിഷൻ, സപ്ലിമെന്ററി – 2022, 2023 & 2024 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് ഫംഗ്ഷണൽ തമിഴ് ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരളസർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മനോന്മണീയം സുന്ദരനാർ ഇന്റർനാഷണൽ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസ് 2026 ജനുവരി 1 മുതൽ 2026 മാർച്ച് 31 വരെ മൂന്ന് മാസത്തെ ഫംഗ്ഷണൽ തമിഴ് സർട്ടിഫിക്കറ്റ് കോഴ്സ് ഓൺലൈനായി നടത്തുന്നു. തമിഴ് വായിക്കാനും, എഴുതാനും, സംസാരിക്കാനും, വിവർത്തനം ചെയ്യാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് സിലബസും ആസൂത്രണം ചെയ്തിരിക്കുന്നത്. മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. എല്ലാ പ്രവൃത്തി ദിവസങ്ങളിലും വൈകുന്നേരം 6.30 മുതൽ 8.30 മണി വരെയാണ് ക്ലാസ്. ഗൂഗിൾ മീറ്റ് വഴിയാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഹയർ സെക്കണ്ടറി വിജയമാണ് അടിസ്ഥാന യോഗ്യത. കോഴ്സിൽ പങ്കെടുക്കുന്നതിന് ഉയർന്ന പ്രായപരിധി ഇല്ല. അറ്റന്റൻസ്, ഗ്രൂപ്പ് വർക്ക്, എഴുത്തുപരീക്ഷ, വാചാപരീക്ഷ എന്നിങ്ങനെ നൂറ് മാർക്കാണ് ആകെ സ്കോർ. കോഴ്സ് വിജയിക്കുന്നതിന് 50 മാർക്ക് നേടണം. ഇതൊരു സ്വാശ്രയ കോഴ്സാണ്. ട്യൂഷൻ ഫീസ് - Rs.3500/-, അപേക്ഷാഫീസ് ഇല്ല. അഡ്മിഷൻ ഫീസ് ഓൺലൈനായി സർവകലാശാല വെബ്സൈറ്റ് മുഖേനയോ സർവകലാശാല ക്യാഷ് കൗണ്ടർ വഴി നേരിട്ടോ അടയ്ക്കാവുന്നതാണ്. ഓൺലൈൻ പേയ്മെന്റിന് സർവകലാശാല പേയ്മെന്റ് പോർട്ടൽ വഴി താഴെപറയുന്ന രീതിയിൽ ഫീസ് ഒടുക്കാവുന്നതാണ്. University website (www.keralauniversity.ac.in) – Online payment portal – Departmental remittance-Department name (Manonmaniam Sundaranar International Centre for Dravidian Cultural Studies)-Purpose (Tuition/Semester fee for annual scheme students)- Print receipt. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ഡിസംബർ 23 വൈകുന്നേരം 5 മണിക്ക് മുൻപ്. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ താഴെ തന്നിരിക്കുന്ന ഗൂഗിൾ

ഫോമിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. (Google Form Link:- https://forms.gle/77WjsxhiJjy5sTqA6), കൂടാതെ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമായ അപേക്ഷ പൂരിപ്പിച്ച് ഇതോടൊപ്പം ഫീസ് അടച്ചതിന്റെ ചലാനും SSLC, +2 സർട്ടിഫിക്കറ്റുകളുടെ അറ്റെസ്റ്റ് ചെയ്ത പകർപ്പും സഹിതം 2025 ഡിസംബർ 23 നകം Dr. Jeyakrishnan P., Professor, Department of Tamil & Hon.Director, MSICDCS, University of Kerala, Kariavattom, Thiruvananthapuram, 695581 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് Contact No: 0471-2308919, 0471-2308840.



പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**


***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**